# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ - 691 | | 04.03.2020 ലെ മറുപടിയ്ക്ക് | |
|---|---|---|---|
| പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എം. രാജഗോപാലൻ | | എ.കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗ/ ആദിവാസി വിഭാഗങ്ങളുടെ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര സങ്കേതങ്ങൾക്ക് പ്രയോജനമുണ്ടാകുമെന്നും വ്യക്തമാക്കാമോ; ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഒരു പ്രവൃത്തിയും അരംഭിക്കാത്ത എത്ര സങ്കേതങ്ങൾ ഉണ്ടെന്നും അറിയിക്കാമോ; | (എ) | പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം സങ്കേത വികസനത്തിനായി നാളിതുവരെ 22.21 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതു വഴി 95 പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പ്രയോജനം ഉണ്ടാകുന്നതാണ്. ആയതിൽ 3 സങ്കേതങ്ങളുടെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 34 കോളനികളിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വിഭാഗത്തിന്റെ സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 430 പട്ടികജാതി കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 142.60 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 20 കോളനികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ